**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2583** **27-02-2023 - ൽ മറുപടിയ്ക്ക്**

**നിലാവ് പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പാക്കുന്ന നിലാവ് പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ; ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും കേന്ദ്ര സംസ്ഥാന വിഹിതം എത്രയെന്നും വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 10.5 ലക്ഷം പരമ്പരാഗത തെരുവ് വിളക്കുകൾക്ക് പകരമായി ഊർജ്ജക്ഷമതയുള്ള LED ലൈറ്റുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെയാണ് നിലാവ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഇതിൻ പ്രകാരം IT മിഷൻ വഴി രൂപപ്പെടുത്തിയ നിലാവ് പോർട്ടൽ മുഖാന്തിരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യകത രേഖപ്പെടുത്തി കെ.എസ്.ഇ.ബി.എൽ-മായി സംയുക്ത സ്ഥല പരിശോധന നടത്തി പ്രായോഗികതയുടെ അടിസ്ഥാനത്തിൽ EESL എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനം വഴി വാങ്ങി LED വിളക്കുകൾ സ്ഥാപിച്ചുവരുന്നു. നിലവിൽ ബൾബുകൾക്കും, അനുബന്ധ സാധന-സാമഗ്രികൾക്കും SPV ആയ കെ.എസ്.ഇ.ബി.എൽ ഒന്നാം ഘട്ടത്തിൽ 2 ലക്ഷം LED സ്ട്രീറ്റ് ലൈറ്റുകൾക്ക് ഓർഡർ നൽകുകയും ആയവ പൂർണമായും സ്ഥാപിക്കുകയും രണ്ടാം ഘട്ടത്തിൽ 1,72,000 LED സ്ട്രീറ്റ് ലൈറ്റുകൾക്ക് ഓർഡർ നൽകുകയും ആയതിൽ 1,62,548 ബൾബുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ വോൾട്ടേജുകളിലുള്ള LED സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തർക്കം നിലനിൽക്കുന്നതിനാൽ 9,542 LED സ്ട്രീറ്റ് ലൈറ്റുകൾ അത്തരത്തിൽ സ്ഥാപിക്കാനുണ്ട്. തർക്കം പരിഹരിച്ചാലുടൻ ആയവ സ്ഥാപിക്കുന്നതാണ്. കൂടാതെ പോർട്ടലിന്റെ സാങ്കേതിക തടസ്സങ്ങൾ കാരണം കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ച 3,62,548 ബൾബുകളിൽ 3,11,305 എണ്ണം മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ചിട്ടുള്ളൂ. തുടർന്നുള്ള ആവശ്യകത രേഖപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | കിഫ്ബി യുടെ ഫണ്ടിംഗ് മുഖാന്തിരമുള്ള പ്രോജക്ട് ആണ് നിലാവ്. നിലവിൽ വിതരണ ഏജൻസിയായ EESL-ന് കിഫ്ബി 60.639 കോടി രൂപയും SPV ആയ കെ.എസ്.ഇ.ബി.എൽ-ന് ഇൻസ്റ്റലേഷൻ ചാർജ് ആയി 14.22 കോടി രൂപയുമാണ് നൽകിയിട്ടുള്ളത്. |
| (ബി) | മലപ്പുറം ജില്ലയിലെ ഓരോ മണ്ഡലത്തിലും എത്ര തെരുവുവിളക്കുകളാണ് പ്രസ്തുത പദ്ധതി വഴി സ്ഥാപിച്ചത്; വിശദാംശം നൽകുമോ; | (ബി) | മലപ്പുറം ജില്ലയിലെ ഓരോ മണ്ഡലത്തിലും നിലാവ് പദ്ധതി പ്രകാരം സ്ഥാപിച്ച തെരുവ് വിളക്കുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | മലപ്പുറം നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പരിപൂർണമായും നടപ്പാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതിയുടെ പുരോഗതികൾ വെളിപ്പെടുത്തുമോ; പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | നിലവിൽ മലപ്പുറം നിയോജക മണ്ഡലത്തിലെ മൊറയൂർ പഞ്ചായത്തിൽ 500 LED സ്ട്രീറ്റ് ലൈറ്റുകളും പൂക്കോട്ടൂർ പഞ്ചായത്തിൽ 1000 LED സ്ട്രീറ്റ് ലൈറ്റുകളും കോഡൂർ പഞ്ചായത്തിൽ 500 LED സ്ട്രീറ്റ് ലൈറ്റുകളും ആണ് സ്ഥാപിച്ചിട്ടുള്ളത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അവരുടെ ആവശ്യകത അറിയിക്കുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി.എൽ. സംയുക്ത പരിശോധനക്ക് ശേഷം മാത്രമേ തെരുവ് വിളക്കുകൾ വാങ്ങി സ്ഥാപിക്കുകയുള്ളൂ. ആയതിനാൽ പദ്ധതി പൂർത്തീകരണം സംബന്ധിച്ച വിവരം നിലവിൽ ലഭ്യമാക്കുവാൻ സാധ്യമല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| NILAAVU Details underMalappuram Legislative Assemblies | | | |
|---|---|---|---|
| egislative Assembly | Name of Local Body | Installed | Installed |
| Vengara | Othukkungal | 842 | 1570 |
| | Othukkungal | 158 | |
| | Oorakam | 500 | |
| | Parappur | 70 | |
| Tavanur | Tavanur | 500 | 500 |
| Tanur | Tanalur | 500 | 608 |
| | Cheriyamundam | 108 | |
| Ponnani | Nannamukku | 500 | 1000 |
| | Edappal | 500 | |
| Kottakkal | Irimbilium | 550 | 550 |
| Tirur | Tirur Municipality | 1950 | 1965 |
| | Thalakkad | 15 | |
| Tirurangadi | Perumanna Klari | 87 | 87 |
| Nilambur | Nilambur Municipality | 500 | 1500 |
| | Cungathara | 500 | |
| | Amarambalam | 500 | |
| Perinthalmanna | Melattur | 500 | 500 |
| Malappuram | Morayur | 500 | 2000 |
| | Pookkottoor | 1000 | |
| | Kodur | 500 | |
| Eranad | Areekode | 500 | 500 |
| Mankada | Angadipparam | 500 | 500 |